LIBRARY ARCHIVES Kerala Legislative Assembly

(ഡി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനം റിയാബ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിലെ മിനിട്ട്സിന്റെ/റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനം വ്യവസായ വകുപ്പ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിലെ മിനിട്ട്സിന്റെ/റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(ഡി&ഇ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനം വ്യവസായ വകുപ്പ് നേരിട്ടും റിയാബ് മുഖേനയും നടത്തിവരാറുണ്ട്. ഈ അവലോകനങ്ങളിൽ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും പദ്ധതി നടത്തിപ്പിന്റെ പുരോഗതികളും ഭാവി പ്രവർത്തനങ്ങൾ സംബന്ധിച്ചും വിശകലനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ സ്ഥാപനങ്ങൾക്ക് നൽകുകയാണ് ചെയ്യുന്നത്.

കാസർകോട് ഭെൽ-ഇ.എം.എൽ. കമ്പനി

102(371) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ഭെൽ-ഇ.എം.എൽ കമ്പനിയുടെ 51 ശതമാനം ഓഹരികൾ ഏറ്റെടുക്കാൻ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ഏറ്റെടുക്കൽ നടപടി എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത അനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

ഭെൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 51% ഓഹരികൾ സംസ്ഥാന സർക്കാരിന് കൈമാറുന്നതിനുള്ള അനുമതി കേന്ദ്രസർക്കാരിൽനിന്നും 11-5-2021-ൽ ലഭിച്ചിട്ടുണ്ട്. ഏറ്റെടുക്കൽ നടപടികൾ സത്വരം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഭെൽ-ൽനിന്നും ലഭിച്ച കത്തിന്റെ പകർപ്പ് അനുബന്ധം* ആയി ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കമ്പനിയിൽ ഉൽപ്പാദനം മുടങ്ങുകയും ജീവനക്കാർ രണ്ടരവർഷമായി ശമ്പളം ലഭിക്കാതെ പ്രയാസപ്പെടുകയും ചെയ്യുന്ന എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജീവനക്കാരുടെ നഷ്ടപ്പെട്ട ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ചു കൊടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള ജീവനക്കാരെ എങ്ങനെ സംരക്ഷിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഏറ്റെടുക്കൽ നടപടി പൂർത്തിയാകുന്നതോടെ ഭെൽ-ഇഎംഎൽ കമ്പനി ഇല്ലാതാകുന്ന സാഹചര്യത്തിൽ പുതിയ ഏത് സംരംഭം തുടങ്ങാനാണുദ്ദശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച് യോഗം വിളിക്കാനുദ്ദേശിക്കുന്നുണ്ടോയെന്നും എങ്കിൽ പ്രസ്തുത യോഗത്തിലേക്കു ആരെയൊക്കെയാണ് ക്ഷണിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

(ബി-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കമ്പനിയുടെ പ്രവർത്തനം നടത്തുന്നതിനും ജീവനക്കാരുടെയും കുടുംബങ്ങളുടെയും സാമ്പത്തിക പ്രയാസം പരിഗണിച്ച് കമ്പനിയുടെ അപേക്ഷപ്രകാരം സംസ്ഥാന സർക്കാർ ഇതിനോടകം 6 കോടി 80 ലക്ഷം രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാരും-ഭെൽ പ്രതിനിധികളും ധാരണാപത്രം ഒപ്പുവച്ച് ഏറ്റെടുക്കൽ നടപടിക്രമങ്ങൾ പൂർത്തിയാകുന്നതിൻപ്രകാരം, സ്ഥാപനത്തിന്റെ ഭാവി പ്രവർത്തനങ്ങളെ സംബന്ധിച്ചും, ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ ഉൾപ്പെടെയുള്ള വിഷയങ്ങളിലും യുക്തമായ തീരുമാനമെടുക്കുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനം

103(372) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാഭത്തിൽ പ്രവർത്തിക്കുന്നതടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കുവാൻ കേന്ദ്രസർക്കാർ ശ്രമിക്കുന്ന സാഹചര്യത്തിൽ, പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;